**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6187** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ സോഫ്റ്റ്‌വെയർ സേവനങ്ങൾ ലഭ്യമാക്കുന്ന എത്ര സഹകരണ സംഘങ്ങളും സ്വകാര്യ കമ്പനികളും ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ സോഫ്റ്റ്‌വെയർ സേവനങ്ങൾ ലഭ്യമാക്കുന്ന പ്രധാന സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്. |

| Sl. No | Name |
|---|---|
| 1 | Costech-Kerala State Co-Operative Institute Of Information Technology Electronics And Communications Ltd. 4435 |
| 2 | Malabar Information Technology Co-Op Ltd.Kannur (Mitco) |
| 3 | Dinesh Information Technology System(Dits) |
| 4 | Information Technology Co Operative Society Ltd M 605 |

പ്രധാന സ്വകാര്യ കമ്പനികളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Name |
|---|---|
| 1 | Accent Software Solutions Pvt.Ltd |
| 2 | Cochin Computing Studio & Research Centre Pvt Ltd |
| 3 | Corporate Computers, |
| 4 | Data Crates Solutions |
| 5 | Dr.Shajus Divine Soft Solution Pvt. Ltd. |
| 6 | Evolve System Solutions , Mavelikara |

| | |
|---|---|
| 7 | Eye Craft Solutions |
| 8 | Fast Face Pala |
| 9 | Fin Curo Solutions Pvt Ltd, |
| 10 | Global Technologies |
| 11 | Guideline Innovation Solution |
| 12 | Icrats Technologies & Systems |
| 13 | I Net Systems Pathanamthitta |
| 14 | Iftas (Indian Financial Technology & Allied Services) |
| 15 | Infomata Software |
| 16 | Keltron.Controls Division Aroor |
| 17 | Kore Ware Technologies |
| 18 | Kwick Stack Pvt Ltd(Perfect) |
| 19 | Makims Infosys Ltd |
| 20 | Maxence Infotech Pvt Ltd |
| 21 | Naive Plus Software Solution Pvt Ltd, |
| 22 | Nelito Systems Ltd (Fincraft) |
| 23 | Nila Technologies |
| 24 | Onward E -Services Ltd |
| 25 | Perfect Software Solutions (CLT) Pvt.Ltd. |
| 26 | Prologic Thodupuzha |
| 27 | Safe Software And Integrated Solutions Pvt Ltd |
| 28 | Seasame Software Solution Pvt. Ltd. |
| 29 | Silicon It Solution Pvt Ltd |
| 30 | Sims Kottayam |
| 31 | Soft Technologies Pvt Ltd |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സോഫ്റ്റ്‌വെയർ സേവനങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾ പ്രസ്തുത സോഫ്റ്റ്‌വെയർ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കമ്പ്യൂട്ടർവൽക്കരിച്ച 90% പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും, ജീവനക്കാരുടെ സംഘങ്ങളും, മേല്പറഞ്ഞ വെണ്ടറുമാരുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സേവനം നൽകി വരുന്നു. |
| (സി) | വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ | (സി) | വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറുകൾ |

| | | | |
|---|---|---|---|
| | സഹകരണ വകുപ്പ് നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇന്റർഫേസ് മുഖേന പരസ്പരം ലിങ്ക് ചെയ്ത് അധിക ചെലവുകൾ ഇല്ലാതെ ഏകീകരിക്കുവാൻ സാധിക്കുമോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | വിവിധ നിലവാരത്തിൽ ഉള്ളതും വ്യത്യസ്ത പ്ലാറ്റ്ഫോമുകളിൽ, വ്യത്യസ്ത സാങ്കേതിക വിദ്യകൾക്കനുസൃതമായി പ്രവർത്തിക്കുന്നവയാണ്. ഇവയെ ഏകീകരിച്ച് പൊതു ഇന്റർഫേസ് മുഖേന സഹകരണ വകുപ്പ് നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി ഏകീകരിക്കുവാൻ കഴിയുകയില്ല. |
| (ഡി) | ഈ രീതിയിൽ അധിക ചെലവുകൾ ഇല്ലാതെ സോഫ്റ്റ്‌വെയറുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കാതെ ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി 206 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; മത്സരാധിഷ്ഠിത ടെൻഡർ കൂടാതെ പ്രസ്തുത പദ്ധതി ഒരു കമ്പനിക്ക് ഏൽപ്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | e-tender വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ നിയമാനുസൃതമായിട്ടാണ് സേവനദാതാവിനെ തിരഞ്ഞെടുത്തിട്ടുള്ളത്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് 23.01.2021-ന് സർക്കാരിന്റെ നിർദ്ദേശാനുസരണം പ്രസിദ്ധീകരിച്ച RFP പ്രകാരമുള്ള ടെണ്ടറിൽ ഒരു കമ്പനിയും bid submit ചെയ്തിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ റീടെൻഡറിങ്ങിനുള്ള നടപടികളിൽ സ്വീകരിക്കുകയും റീ ടെൻഡർ നടപടികളുടെ ഭാഗമായി സോഫ്റ്റ്‌വെയർ വെണ്ടർമാരുടെ യോഗം 27.10.2021ന് രജിസ്ട്രാർ വിളിച്ച് ചേർക്കുകയും നിലവിലെ RFPയിലെ വ്യവസ്ഥകളിൽ അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തുകയും പുതുക്കിയ RFP പ്രകാരമുള്ള ടെൻഡർ 18.12.2021ന് e-tender websiteൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.<br><br>12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തപ്പോൾ ടാറ്റ കൺസൾട്ടൻസി സർവീസസ് (TCS) എന്ന കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചിരുന്നത്. റീ ടെൻഡർ ചെയ്തിട്ടും ഒരു വെണ്ടർ മാത്രം ടെണ്ടറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ച സാഹചര്യത്തിൽ, നിയമാനുസൃതമായി ടെൻഡർ നടപടികൾ പൂർത്തിയാക്കി സേവനദാതാവിനെ തിരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ